**ഭരണഭാഷ-മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**സി.ജി.എ.സി/64744/2017** **തീയതി : 04/03/2017**

## സർക്കുലർ

**വിഷയം: വീ ഹെൽപ്പ്**-സ്കൂൾ തല പ്രവർത്തനങ്ങൾ- സംബന്ധിച്ച്.

ഹയർസെക്കണ്ടറി പരീക്ഷയോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ആവശ്യമായ മാനസിക പിന്തുണ നൽകുന്നതിന് കരിയർ ഗൈഡൻസ്& അഡോളസെൻറ് കൗൺസലിംഗ് സെൽ '**വീ ഹെൽപ്പ്** 'എന്ന പേരിൽ സഹായ കേന്ദ്രം മാർച്ച് 1 മുതൽ ആരംഭിച്ചിരിക്കുന്നു. ഇത് പരീക്ഷ അവസാനിക്കുന്നതു വരെ തുടരുന്നതാണ്.

സംസ്ഥാനമൊട്ടാകെയുള്ള വിദ്യാർത്ഥിൾക്ക് സഹായം നൽകുന്നതിനായി ഹയർസെക്കണ്ടറി ഡയറക്ട്രേറ്റിൽ ടോൾഫ്രീ സംവിധാനത്തിലുള്ള ഫോൺ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾക്ക് സൗജന്യമായി **1800 425 5198** എന്ന നമ്പരിൽ വിളിക്കാവുന്നതാണ്.

കുട്ടികളുടെ പരീക്ഷാ സംബന്ധമായ സമ്മർദ്ദങ്ങൾ ലഘൂകരിക്കുന്നതിനായി എല്ലാ കരിയർ ഗൈഡുകളും, സൗഹൃദ കോ- ഓർഡിനേറ്റർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സമ്മർദ്ദങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗ് നടത്തുന്നതിന് കരിയർ ഗൈഡും, സൗഹൃദ കോ-ഓർഡിനേറ്ററും മുൻകൈ എടുക്കേണ്ടതാണ്. കുട്ടികൾക്ക് ഏത് അവസരത്തിലും ഈ അദ്ധ്യാപകരെ ഫോൺ മുഖേന ബന്ധപ്പെടുന്നതിനായി സ്കൂളുകളിൽ കരിയർ ഗൈഡിൻെറയും സൗഹൃദ കോ- ഓർഡിനേറ്ററിൻെറയും ഫോൺ നമ്പരുകൾ പ്രദർശിപ്പിക്കേണ്ടതാണ്.

**പരീക്ഷാ സ്ക്വാഡുകൾ സ്കൂളുകൾ സന്ദർശിക്കുമ്പോൾ വീ- ഹെൽപ്പ് സംബന്ധിച്ച് നോട്ടീസുകൾ സ്കൂളുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.**

ഒപ്പ്
ഡയറക്ടർ

# പരീക്ഷയെ ഭയക്കേണ്ടതില്ല

# വീ ഹെൽപ്പ്

# നിങ്ങളുടെ സഹായത്തിന്

നിങ്ങൾക്ക് പരീക്ഷാ സമ്മർദ്ദങ്ങൾ അനുഭവപ്പെടുന്നുവെങ്കിൽ നിങ്ങളുടെ സ്കൂളിലെ കരിയർ ഗൈഡ്, സൗഹൃദ ക്ളബ് എന്നിവയുടെ ചാർജ്ജ് ഉള്ള അദ്ധ്യാപകരോട് തുറന്ന് സംസാരിക്കുക. നിങ്ങളുടെ പ്രശ്നങ്ങൾ രഹസ്യ മായി സൂക്ഷിക്കുന്നതാണ്.

| പേര് | മൊബൈൽ നമ്പർ |
|---|---|
| | |
| | |

പരീക്ഷാ ഭയം മൂലം മാനസിക സമ്മർദ്ദം അനുദവിക്കുന്ന കുട്ടികൾക്ക് ഹയർസെക്കണ്ടറി വകുപ്പ് ഒരുക്കിയിട്ടുള്ള ടോൾഫ്രീ നമ്പരിലേയ്ക്ക് വിളി ക്കാവുന്നതാണ്.

## സംസ്ഥാനതല പരീക്ഷാ ഹെൽപ്പ് ലൈൻ

# 1800 425 5198

(ഈ നമ്പരിലേയ്ക്കുള്ള കോളുകൾ സൗജന്യമായിരിക്കും)

**CAREER GUIDANCE &ADOLESCENT COUNSELLING CELL**

**DIRECTORATE OF HIGHER SECONDARY EDUCATION**